# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2714 19-12-2012 ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുവരുടെ വിവരം

**ചോദ്യം**

**ശ്രീ. റ്റി. വി. രാജേഷ്**

(എ) 2012 നവംബർ 30 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്ര പേർ രജിസ്റ്റർ ചെയ്യിട്ടുണ്ട് ; ഇവരിൽ എത്ര സ്ത്രീകൾ, പുരുഷന്മാർ ഉണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ;

**ഉത്തരം**

**ശ്രീ. ഷിബു ബേബി ജോൺ**
(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

(എ) 44,99,374 പേർ രജിസ്റ്റർ ചെയ്യിട്ടുണ്ട്.

പുരുഷന്മാർ - 17,55,232 പേർ
സ്ത്രീകൾ - 27,44,142 പേർ

(ബി) എൻ. ഐ. സി. യുടെ കെയ്സ് (കോമൺ ആപ്ലിക്കേഷൻ സിസ്റ്റം ഫോർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്) എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുമായും ബന്ധപ്പെട്ട ഓൺലൈൻ സേവനം എവിടെയും എപ്പോഴും ലഭ്യമാകത്തക്കവിധത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടർവത്കരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്യിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലും അസംഘടിതമേഖലയിലുമുള്ള തൊഴിലവസരങ്ങൾ കൂടി ലഭ്യമാക്കുന്നതിലേയ്ക്കായി ഓൺലൈൻ പ്രൈവറ്റ് ജോബ് പോർട്ടൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യകേന്ദ്രങ്ങളാക്കി മാറ്റുക എന്ന പദ്ധതിയ്ക്കും തുടക്കം കുറിച്ചിട്ടുണ്ട്. അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതരെ കണ്ടെത്തി അവരുടെ കൃത്യനിർവ്വഹണശേഷി, തൊഴിൽ അഭിരുചി എന്നിവയിൽ പരിശീലനം നൽകി സ്വകാര്യ മേഖലയിലും തൊഴിൽ നേടാൻ അവസരമൊരുക്കാൻ ഇതിലൂടെ കഴിയും.

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം 30-11-2012 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ? | (സി) | 17,219 പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്.<br><br>(താത്കാലികം - 16,648<br>സ്ഥിരം - 571) |

സെക്ഷൻ ഓഫീസർ